(ബി) എങ്കിൽ ഇത്തരം റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) റെയിൽവേ ട്രാക്കിൽ ഇത്തരം വസ്തുക്കൾ നിരത്തി വയ്ക്കുന്നതും ഉപേക്ഷിക്കുന്നതും തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) റെയിൽവേ ട്രാക്കുകൾ സുരക്ഷിതമാക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ നിയമാനുസൃതം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും വരുന്നുണ്ട്. കൂടാതെ നിരന്തര ബീറ്റ് പട്രോളിംഗ് നടത്തിവരുന്നുണ്ട്.

(ഡി) റെയിൽവേ ട്രാക്കുകൾ സുരക്ഷിതമാക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും സാമൂഹിക പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, ആർ.പി.എഫ്., കേരളാ പോലീസ് എന്നിവരെ സഹകരണത്തോടെ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ പട്രോളിംഗ് ഡ്യൂട്ടിയും പ്രത്യേക നിരീക്ഷണങ്ങളും അന്വേഷണങ്ങളും നടത്തുന്നുണ്ട്.

റെയിൽവേ മേൽപ്പാലം

67 (413) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിൽവേ പദ്ധതിയുടെ ഭാഗമായി, മനയ്ക്കപ്പടി എയർപോർട്ട്, നായത്തോട് എന്നിവിടങ്ങളിലെ റെയിൽവേ മേൽപ്പാലങ്ങളുടെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) കാലടി റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള റോഡും അണ്ടർപാസ്സും സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അപ്രോച്ച് റോഡിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

(ബി) മേൽ പ്രവൃത്തികൾക്കുൾപ്പെടെ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ റെയിൽവേ അനുവദിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പുതുതായി കലിങ്ക് പണിയുന്നതിനുള്ള നടപടികൾ റെയിൽവേ സ്വീകരിച്ചുവരുന്നു.

തീവണ്ടികളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ

68 (414) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കുമോ ;

(ബി) തീവണ്ടിയിലെ കാറ്ററിംഗ് യൂണിറ്റിൽ പാചകത്തിനായി തീവണ്ടിയിൽ ലഭിക്കുന്ന ശുചിത്വമില്ലാത്ത വെള്ളം ഉപയോഗിക്കുന്നു ചാനൽ ദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പരിശോധനക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ടെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ വിലയും ചേരുവകളും അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക് ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിൽ വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21-1-2012-ലെ കമേഴ്സ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ പരാതി എഴുതി സീനിയർ ഡിവിഷണൽ കമേഴ്സ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതും ഇന്റർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly